LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് 43 ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ആരംഭിച്ചു. കൂടാതെ നിലവിലുണ്ടായിരുന്ന 37 ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ശാക്തീകരിക്കുവാനുള്ള നടപടിയും സ്വീകരിച്ചു. നേരത്തെ ഐ. സി. ഡി. എസ്. പദ്ധതി നിലവിൽ ഇല്ലാതിരുന്ന ബ്ലോക്കുകളിലാണ് ലോകബാങ്ക് സഹായത്തോടെ ഇപ്രകാരം പുതിയ പ്രോജക്ടുകൾ ആരംഭിച്ചതും, വളരെ പിന്നോക്കം നിൽക്കുന്ന മേഖലകളിലുള്ള 37 ബ്ലോക്കുകളെയാണ് ശാക്തീകരണത്തിന് ലോകബാങ്ക് സഹായത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടതും. റാന്നി ഐ. സി. ഡി. എസ്. പ്രോജക്ട് മേൽപ്പറഞ്ഞ മാനദണ്ഡത്തിൽ ഉൾപ്പെടാതിരുന്നതിനാലാണ് ലോകബാങ്കിന്റെ ശാക്തീകരണ പദ്ധതിയിൽ ഉൾപ്പെടാതിരുന്നത്.

(ബി) അംഗൻവാടികൾക്ക് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചുമതലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എം. പി./എം. എൽ. എ. ഫണ്ടുകൾ മറ്റു ഏജൻസികളിൽ നിന്നുള്ള ഫണ്ട് ഇവകൂടി ലഭ്യമാക്കി അംഗൻവാടികൾക്ക് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി)* വിവരം ശേഖരിച്ച് നൽകുന്നതാണ്.

വാമനപുരം ഗ്രാമപഞ്ചായത്തിലെ അംഗൻവാടിക്ക് കെട്ടിടം

40 [5596] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം ഗ്രാമപഞ്ചായത്തിലെ 207-ാം നമ്പർ അംഗൻവാടിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അംഗൻവാടി ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ അംഗൻവാടിക്കായി വാങ്ങിയ സ്ഥലത്തും അതിനുള്ളിലെ കെട്ടിടത്തിലും പ്രസ്തുത അംഗൻവാടി പ്രവർത്തിപ്പിക്കാൻ ആവശ്യമായ നിർദ്ദേശം സർക്കാർ നൽകുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) പരിശോധിച്ച് മറുപടി നൽകുന്നതാണ്.